# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3003 20.12.2012 ലെ മറുപടിക്ക്

**ബോട്ടിലിംഗ് പ്ലാന്റുകളിലെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ റോഡുകളിലൂടെ പാചക വാതക ടാങ്കറുകൾ കൊണ്ടു പോകുന്നതിന് സുരക്ഷാ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പാചകവാതകടാങ്കറുകൾ സുരക്ഷിതമായി കൊണ്ടു പോകുന്നതിനുള്ള നിർദ്ദേശങ്ങൾ 26.9.2012 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരം എണ്ണ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ടി യോഗ നടപടിക്കുറിപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | ചാലദുരന്തത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ചാല ദുരന്തവുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 2 കോടി രൂപ അവരുടെ ഷെയർ ആയി സംസ്ഥാന സർക്കാരിന് നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഓയിൽ കമ്പനികളുടെ പൊതു ബാദ്ധ്യതാ ഇൻഷുറർ അപകടം വിലയിരുത്തുകയാണെന്നും അതനുസരിച്ചുള്ള നഷ്ട പരിഹാരം തീരുമാനിക്കുന്നതാണെന്നും ഓയിൽ കമ്പനികൾ അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളിൽ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പെട്രോളിയം എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) ടാങ്കറുകൾ സർട്ടിഫൈ ചെയ്യുകയും എക്സ്പ്ലോസീവ് ലൈസൻസ് പുതുക്കുകയും ചെയ്യുന്നുണ്ട്. ടാങ്കറുകളിലെ SRV (Safety Relief Valve),EFCV(Excess Flow Check Valve) തുടങ്ങിയ ഫിറ്റിംഗുകൾ അംഗീകൃത ഏജൻസികൾ മുഖേന PESO നിശ്ചിത സമയങ്ങളിൽ സർട്ടിഫൈ ചെയ്യുന്നുണ്ട്. ഈ രേഖകൾ പ്ലാന്റിലും ലോഡിംഗ് സ്ഥലങ്ങളിലും പരിശോധിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് വണ്ടികളുടെ ക്ഷമത പരിശോധിക്കുകയും പ്ലാന്റിലും ലോഡിംഗ് സ്ഥലത്തും വണ്ടികളുടെ ആർ.സി ബുക്കുകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ലോഡിംഗ് സ്ഥലത്തും ബോട്ടിലിംഗ് പ്ലാന്റിലും സുരക്ഷാ പട്ടിക പ്രകാരം ടാങ്കറുകൾ പരിശോധിക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | ലോഡിംഗിന് ക്ഷമത ഇല്ലാത്ത ടാങ്കറുകൾ കണ്ടെത്തുകയാണെങ്കിൽ<br>കുറവുകൾ പരിഹരിച്ച ശേഷമല്ലാതെ അവ ലോഡ് ചെയ്യാൻ അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്